## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4149 — 27/06/2012 ൽ മറുപടിയ്ക്ക്

**<u>പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഫീസാനുകൂല്യം</u>**

| | ചോദ്യം<br>ഡോ. കെ. ടി. ജലീൽ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ പടിഞ്ഞാറങ്ങാടിയിൽ പ്രവർത്തിക്കുന്ന മൈനോറിറ്റി ആർട്സ് & സയൻസ് കോളേജിൽ പഠിച്ചിരുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പട്ടിക ജാതി വകുപ്പ് മുഖേന സാമ്പത്തിക സഹായം മുൻകാലങ്ങളിൽ അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ ഏതുവർഷം വരെയാണ് അനുവദിച്ചിരുന്നത്; | (എ) | 2010 സെപ്റ്റംബർ വരെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നു. |
| (ബി) | ഇപ്പോൾ ഫൈനൽ വർഷത്തിൽ ജേർണലിസം പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇതേ ആനുകൂല്യം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | 02/07/2009 ലെ സർക്കാർ ഉത്തരവ് (പി)50/09 പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം അൺ-എയ്ഡഡ് കോളേജിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നില്ല. |
| (സി) | കഴിഞ്ഞ മൂന്നുവർഷവും സർക്കാരിൽ നിന്നും ഫീസ് ആനുകൂല്യം ലഭ്യമാകുമെന്ന് പ്രതീക്ഷിച്ച് പഠനം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകി ആനുകൂല്യം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) | സ്വാശ്രയ അൺ എയ്ഡഡ് മേഖലയിലെ ആർട്സ് & സയൻസ് കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പഠിച്ചുവരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ